**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 526** **06-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതി നടപ്പിലാക്കിയതിന് ശേഷം ഇതുവരെ എത്ര പേർക്ക് ആകെ എത്ര രൂപയുടെ ചികിത്സകൾ ലഭ്യമാക്കിയെന്ന് വിശദമാക്കുമോ; | (എ) | **23/11/2022 തീയതിയിൽ ഇൻഷുറൻസ് കമ്പനി ലഭ്യമാക്കിയ കണക്കുകൾ അനുസരിച്ച്** 86,697 **പേർക്ക് ആകെ** 257,14,71,250 **രൂപയുടെ ചികിത്സയ്ക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾ മെഡിസെപ് വെബ് പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.** |
| (ബി) | പദ്ധതിയിൽ പുതിയ ആശുപത്രികൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | **ആശുപത്രികളുടെ എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമാണ്. കമ്പനി ലഭ്യമാക്കിയ പുതുക്കിയ ലിസ്റ്റിൽ 65 ആശുപത്രികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. പദ്ധതിയിലേക്ക് പുതിയതായി ഉൾപ്പെടുത്തിയ ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.** |
| (സി) | ആശുപത്രികളുടെ എണ്ണക്കുറവും പദ്ധതിയിൽ ഉള്ള ആശുപത്രികളിലെ എല്ലാ വിഭാഗവും ഉൾപ്പെടുത്താത്തതും മെഡിസെപ് ഗുണഭോക്താക്കൾക്ക് പ്രയാസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **പൊതു / സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷുറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. കമ്പനി ലഭ്യമാക്കിയ പുതുക്കിയ ലിസ്റ്റിൽ 65 ആശുപത്രികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. അപ്രകാരം എംപാനൽ ചെയ്യപ്പെടുന്ന ആശുപത്രികളിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയേയും ഉൾപ്പെടുത്തുന്നതിന് ഇൻഷുറൻസ് കമ്പനിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| | | | |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | **പൊതു / സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷുറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. കമ്പനി ലഭ്യമാക്കിയ പുതുക്കിയ ലിസ്റ്റിൽ 65 ആശുപത്രികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. അപ്രകാരം എംപാനൽ ചെയ്യപ്പെടുന്ന ആശുപത്രികളിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയേയും ഉൾപ്പെടുത്തുന്നതിന് ഇൻഷുറൻസ് കമ്പനിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ